ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ.പി.കെ.അനിൽകുമാർ, ബി.ടെക്, എം.ബി.എ)

**ഉത്തരവ് : നമ്പർ ബി1/4577/17/സിഇ തീയതി : 29/05/2020**

വിഷയം :- ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സ്ഥലം മാറ്റം - ഉത്തരവ് റദ്ദ് ചെയ്യുന്നു.

സൂചന :- 1 ഈ കാര്യാലയത്തിലെ 18/03/2020 ലെ ഇതേ നമ്പർ ഉത്തരവ്
2 ചെയിൻമാൻ (ഹയർ ഗ്രേഡ് ) ശ്രീ.എ.ഹാരിസിന്റെ 13/03/2020 ലെ അപേക്ഷ.

ഹാർബർ എൻജിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തലെ ചെയിൻമാൻ (ഹയർ ഗ്രേഡ് ) ശ്രീ.എ.ഹാരിസിനെ ഹാർബർ എൻജിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേക്കും, ഹാർബർ എൻജിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ ലാസ്കർ ശ്രീ.റ്റി.ഓമനക്കുട്ടൻ പിള്ളയെ ഹാർബർ എൻജിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേക്കും ഒന്നാം പരാമർശത്തിലെ ഉത്തരവ് പ്രകാരം പരസ്പരം സ്ഥലം മാറ്റി നിയമിച്ചിരുന്നു.

ശ്രീ.എ.ഹാരിസ്, ശ്രീ.റ്റി.ഓമനക്കുട്ടൻപിള്ള എന്നിവർ ജില്ലാതല നിയമനം വഴി കൊല്ലം പ്രോജക്ട് സർക്കിളിൽ ജോലിയിൽ പ്രവേശിച്ചവരാണ്. ടി പ്രോജക്ട് സർക്കിളിലെ തസ്തികകൾ പുനർ വിന്യസിച്ചതിന്റെ ഫലമായി ശ്രീ.റ്റി.ഓമനക്കുട്ടൻപിള്ള ഹാർബർ എൻജിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷനിൽ തുടരുകയും ശ്രീ.എ.ഹാരീസ്, ഹാർബർ എൻജിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷനിലേക്ക് മാറ്റപ്പെടുകയും ചെയ്തു. പൊതു സ്ഥലം മാറ്റത്തിനുള്ള സർക്കാർ ഉത്തരവ് (പി) നം. 3/2017/ഉഭപവ തീയതി 25/02/2017 ഖണ്ഡിക 10 (Vii) പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സ്വന്തം ജില്ലയിലോ അവർ സ്വയം തെരഞ്ഞെടുക്കുന്ന ജില്ലയിലോ നിയമിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ശ്രീ.എ.ഹാരീസ് കരുനാഗപ്പള്ളി സബ് ഡിവിഷനിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചതിനാലാണ് ഒന്നാം പരാമർശ പ്രകാരം ടിയാനെ കരുനാഗപ്പള്ളി സബ് ഡിവിഷനിലേയ്ക്കും, കരുനാഗപ്പള്ളിയിലെ ലാസ്കർ ശ്രീ.റ്റി.ഓമനക്കുട്ടൻപിള്ളയെ തോട്ടപ്പള്ളി സബ് ഡിവിഷനിലേക്കും സ്ഥലം മാറ്റിയത്. എന്നാൽ ടി സ്ഥലം മാറ്റം ഒഴിവാക്കണമെന്ന് ചെയിൻമാൻ (ഹയർ ഗ്രേഡ്) ശ്രീ.എ.ഹാരിസ് രണ്ടാം പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി അപേക്ഷ പരിഗണിച്ച് ഒന്നാം പരാമർശത്തിലെ ഉത്തരവ് റദ്ദ് ചെയ്യുന്നു.

ചെയിൻമാൻ(ഹയർ ഗ്രേഡ്) ശ്രീ.എ.ഹാരിസ്, ലാസ്കർ ശ്രീ.റ്റി.ഓമനക്കുട്ടൻ എന്നിവർ നിലവിൽ ജോലി ചെയ്തു വരുന്ന കാര്യാലയങ്ങളിൽ തന്നെ തുടരേണ്ടതാണ്.

ഒപ്പ്,
ചീഫ് എൻജിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക് (ആഫീസ് മേധാവി മുഖേന)

പകർപ്പ്:- സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് മദ്ധ്യമേഖല എറണാകുളം.
" എക്സിക്യൂട്ടീവ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ, ആലപ്പുഴ.
" അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് സബ് ഡിവിഷൻ, തോട്ടപ്പള്ളി / കരുനാഗപ്പള്ളി
" സ്റ്റോക്ക് ഫയലിലേയ്ക്ക് / വെബ് സൈറ്റിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ